## അവകാശലംഘന പ്രശ്നങ്ങൾ

### പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിഗണനയ്ക്ക് അയച്ച പ്രശ്നങ്ങൾ

13.03.2017-ൽ ചെയർ സഭയിൽ നൽകിയ റൂളിംഗിനെപ്പറ്റി ആക്ഷേപകരമായ പരാമർശങ്ങൾ ഉൾപ്പെട്ട പരിപാടി മാതൃഭൂമി ന്യൂസ് ചാനൽ സംപ്രേക്ഷണം ചെയ്തതുമായി ബന്ധപ്പെട്ട് ചട്ടം 155 പ്രകാരം അവകാശലംഘന പ്രശ്നം ഉന്നയിച്ച് ശ്രീ. കെ. സുരേഷ് കുറുപ്പ് എം.എൽ.എ. നൽകിയ നോട്ടീസ് പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്തിരിക്കുന്നു. അടാട്ട് സർവ്വീസ് സഹകരണ ബാങ്കുമായി ബന്ധപ്പെട്ട് തങ്ങളെ അഴിമതിക്കാരായി ചിത്രീകരിച്ച് ശ്രീ. അനിൽ അക്കര എം.എൽ.എ അപകീർത്തിപ്പെടുത്തുന്നുവെന്നാരോപിച്ച് ശ്രീമിതി സി. എം. ഇന്ദിരാ പ്രിയദർശിനി, ശ്രീമതി. പി. അജിത എന്നിവർ നൽകിയതും അംഗങ്ങളുടെ എഥിക്സിനെ സംബന്ധിച്ചതുമായ രണ്ട് പരാതികളും പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്തിരിക്കുന്നു.

### ചെയറിന്റെ പരിഗണനയിലുള്ള പ്രിവിലേജ് പ്രശ്നങ്ങൾ

എറണാകുളം മഹാരാജാസ് കോളേജ് ഹോസ്റ്റൽ മുറിയിൽ നിന്നും മാരകായുധങ്ങൾ കണ്ടെടുത്തതു സംബന്ധിച്ച് 05-05-2017-ൽ ശ്രീ. പി. ടി. തോമസ്

എം.എൽ.എ അടിയന്തരപ്രമേയത്തിന് അവതരണാനുമതി ആവശ്യപ്പെട്ടു നൽകിയ നോട്ടീസിന്മേലുള്ള ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയത് വാസ്തവവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമായ പ്രസ്താവനയാണെന്നാരോപിച്ച് സർവ്വശ്രീ. ഹൈബി ഈഡൻ, പി. ടി. തോമസ്, കെ. എം. ഷാജി എന്നീ അംഗങ്ങൾ ചട്ടം 155 പ്രകാരം അവകാശലംഘനം ഉന്നയിക്കുന്നതിന് ഓരോ നോട്ടീസ് നൽകിയിട്ടുണ്ട്. പ്രസ്തുത നോട്ടീസുകൾ ചെയറിന്റെ പരിഗണനയിലാണ്. അമ്പലമുകൾ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഫാക്ടിന്റെ സ്ഥലം വാങ്ങുന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നിയമസഭാ മന്ദിരത്തിലെ ഓഫീസിൽ വച്ചു ചേർന്ന യോഗത്തിലേക്ക് സ്ഥലം എം.എൽ.എ. ആയ തന്നെ ക്ഷണിക്കാത്തത് അവകാശ ലംഘനമാണെന്ന് ആരോപിച്ചുകൊണ്ട് ശ്രീ. വി. പി. സജീന്ദ്രൻ എം.എൽ.എ. നൽകിയ നോട്ടീസും ചെയറിന്റെ പരിഗണനയിലാണ്.